# ACADEMIC MASTER PLAN



LSN TTI LP
OTTAPALAM

# ആമുഖം

ഒറ്റപ്പാലം നഗരസഭയുടെ ഹൃദയഭാഗമായ 6-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന എൻ.എസ്.എൻ.ടി.ടി.ഐ (ലേഡി ശങ്കരൻനായർ ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്) പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെയും അവരുടെ നാനാവിധമായ ഉന്നമനത്തെയും ലക്ഷ്യമാക്കി പ്രവർത്തിച്ചുപോരുന്നു. ഈ സ്ഥാപനത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന എൻ.എസ്.എൻ.എൽ.പി. സ്കൂളിൽ 1 മുതൽ 4 വരെ ക്ലാസുകളുണ്ട്. ഓരോ ക്ലാസിന്റെയും രണ്ട് ഡിവിഷനുകളിലായി മുന്നൂറ്റിയെട്ട് വിദ്യാർത്ഥിനികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നു. അവർക്ക് ഗുണപ്രദവും സുരക്ഷിതവുമായ പഠന സാഹചര്യമൊരുക്കുന്നതിന് പ്രധാനാധ്യാപികയും 8 അധ്യാപികമാരും ഇവിടെ പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥിനികളുടെ ആദ്ധ്യാത്മികവും കായികവും ബുദ്ധിപരവും സാങ്കേതികവും സാമൂഹ്യവുമായ വളർച്ചയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിൽ തങ്ങളുടെ നാനാമുഖമായ കഴിവുകളെ പ്രകടിപ്പിക്കുവാനുള്ള സാധ്യതകൾ വിദ്യാർത്ഥിനികൾക്ക് ലഭ്യമാക്കുന്നുണ്ട്. തൽഫലമായി സാഹിത്യം, കല, ആതുരസേവനം, ശാസ്ത്രസാങ്കേതികമേഖല ഇടങ്ങിയവയിലായി നിരവധി പ്രമുഖരെ സമൂഹത്തിന് സംഭാവന ചെയ്യുവാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. ISRO-ൽ ഉദ്യോഗസ്ഥയായ സന്ധ്യ, ഡോ. രൂപ, ഡോ. സന്ധ്യ, സിനിമാസംവിധായകൻ ലാൽജോസ്, വിവിധ വിഷയങ്ങളിൽ ഡോക്ടറേറ്റ് നേടിയ വിനി, ഗീത ഇടങ്ങിയവർ അവരിൽ ചിലർ മാത്രം.

ശാസ്ത്രസാങ്കേതികവിദ്യ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുക, ക്ലാസ്സ്മുറികൾ ഹൈടെക് ആക്കുക, ഇംഗ്ലീഷ് ഭാഷ പഠനത്തിന് പ്രോത്സാഹനം നൽകുക, കുട്ടികൾക്കും മാതാപിതാക്കൾക്കും കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തുക, മാലിന്യവിമുക്ത സംസ്കാരം വളർത്തിയെടുക്കുക, ലഹരിവിമുക്ത ജനതയെ വാർത്തെടുക്കുക. സുംബാ നൃത്ത പരിശീലനം, സംഗീതം, നൃത്തം, കായിക എന്നീ പരിശീലനം നൽകുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. 14 വയസ്സ് വരെയുള്ള ഏതൊരു കുട്ടിക്കും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ലഭിക്കുക എന്നത് ഓരോ കുട്ടിയുടെയും അവകാശമാണ്. സ്വന്തം കുട്ടി മികച്ച സൗകര്യങ്ങളോടുകൂടി പഠിക്കണമെന്നുള്ളത് ഏതൊരു രക്ഷിതാവിന്റെയും ആഗ്രഹമാണ്. ഈ സാഹചര്യത്തിൽ വിദ്യാലയങ്ങളിൽ ഏറ്റവും ആധുനികമായ സൗകര്യങ്ങളും സംവിധാനങ്ങളും ഒരുക്കേണ്ടതാണ്. എന്നാൽ മാത്രമേ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നൽകാനാവൂ. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെക്കൂടി ഉൾപ്പെടുത്തിയിട്ടുള്ള ഒരു വിദ്യാഭ്യാസ സമീപനരീതിയാണ് ഈ വിദ്യാലയത്തിൽ നടത്തിക്കൊണ്ടുപോകുന്നത്. പ്രത്യേക പാഠ്യപദ്ധതിയിലൂടെ അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനമായി വർത്തിക്കുന്നത് നിസ്വാർത്ഥവും, കർമ്മനിരതവും, ലക്ഷ്യബോധവുമുള്ള കരുത്തുറ്റ നേതൃത്വമാണ്.

ലക്ഷ്യങ്ങൾ

- പൊതുസമൂഹത്തെ വിദ്യാലയത്തോട് അടുപ്പിക്കാനുള്ള പ്രവർത്തനങ്ങൾ.
- സ്കൂൾ, പരിസ്ഥിതി സൗഹൃദമാക്കൽ
- കുട്ടികളിൽ ജീവിത നൈപുണി വികസിപ്പിക്കൽ
- സ്കൂൾ ജനാധിപത്യവൽക്കരണം.
- പ്രതിഭാപോഷണ പരിപാടികൾ.
- സങ്കലിത വിദ്യാഭ്യാസം
- ജൈവ വൈവിധ്യപാർക്ക് നിർമ്മാണം, സംരക്ഷണം.
- പോഷകാഹാര പരിപാടി.
- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന്.
- ഇംഗ്ലീഷ് ഭാഷാപഠനം, പ്രോത്സാഹനം.
- മാലിന്യ സംസ്കരണ സംസ്കാരം
- സ്കൂൾ ക്യാമ്പസ്സിൽ കുട്ടികൾക്ക് സുരക്ഷിതത്വം ഉറപ്പ് വരുത്തുക.
- ലൈബ്രറി വികസനം.
- എല്ലാ കുട്ടികൾക്കും

# വിദ്യാലയ ചരിത്രം.

ഹിമാലയത്തിലെ ബദരിനാഥിലേയ്ക്കുള്ള തീർത്ഥയാത്രക്കിടയിൽ മരിച്ച സ്വപത്നിയുടെ നാമം അനശ്വരമാക്കുവാൻ ആഗ്രഹിച്ച് നവോത്ഥാനശില്പികളിലൊരാളായിരുന്ന സർ. ചേറ്റൂർ ശങ്കരൻ നായർ തന്റെ ഭാര്യയുടെ ജന്മനഗരമായ ഒറ്റപ്പാലത്ത് അവരുടെ നാമത്തിൽ പെൺകുട്ടികൾക്കു വേണ്ടി ഒരു ഹൈസ്കൂൾ സ്ഥാപിക്കുവാൻ ആഗ്രഹിച്ചിരുന്നു വിദ്യാഭ്യാസ ജില്ലാബോർഡിന്റെ അനുവാദത്തോടെ അദ്ദേഹം ഒറ്റപ്പാലത്തെ വനിതകൾക്കായി എൻ. എസ്. എൻ. വിദ്യാലയം തുറന്നു. അക്കാലത്ത് ഒറ്റപ്പാലത്തെ സ്ത്രീകൾ കേരളത്തിന്റെ തന്നെ മറ്റ് ഭാഗങ്ങളിലുള്ള സ്ത്രീകളെക്കാൾ വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കമായിരുന്നു.

സർ. ചേറ്റൂർ ശങ്കരൻനായർ തുടങ്ങിവെച്ച ഫോം I മുതൽ 4 വരെയുള്ള LSN സ്കൂൾ നോക്കിനടത്താൻ ഡിസ്ട്രിക്ട് ബോർഡിന് വളരെ കുറച്ചുസമയമേ ലഭിച്ചിരുന്നുള്ളൂ. കാരണം അവർക്ക് മലബാറിലെ മുഴുവൻ സ്കൂളുകളുടെ കാര്യവും അന്വേഷിക്കേണ്ടിയിരുന്നു. ഈ സ്ഥിതിയിൽ അവരുടെ മുൻപിലുണ്ടായിരുന്ന ഏകമാർഗം ഈ സ്കൂൾ അടച്ചുപൂട്ടുക എന്നതുമാത്രമായിരുന്നു. ഇതോടകം സർ. ചേറ്റൂർ ശങ്കരൻ നായർ ഇഹലോകവാസം വെടിയുകയും സ്കൂൾ തുടർന്നു നടത്തുന്നതിനായി ആരും താല്പര്യത്തോടെ മുന്നോട്ടുവരികയും ചെയ്തിരുന്നില്ല എന്നതും ഇവിടെ സ്മരണീയമാണ്.

അങ്ങനെ 1938-ൽ LSN സ്കൂൾ അടച്ചുപൂട്ടാൻ തീരുമാനിച്ചെങ്കിലും എന്തെങ്കിലും ഒരു പ്രൈവറ്റ് മാനേജ്മെന്റ് ഈ സ്കൂൾ ഏറ്റെടുത്തുനടത്താൻ തയ്യാറായാൽ അവർക്കതു വിട്ടുകൊടുക്കാൻ ഡിസ്ട്രിക്ട് ബോർഡിനും താത്പര്യമുണ്ടായിരുന്നു.

പഴയ മലബാർ ഡിസ്ട്രിക്ടിന്റെ സാംസ്കാരിക തലസ്ഥാനമായിരുന്ന ഒറ്റപ്പാലത്ത് പെൺകുട്ടികൾക്കായുണ്ടായ ഒരു വിദ്യാലയം അടച്ചുകളയുന്നത് വളരെ നിർഭാഗ്യകരമായിരുന്നു. 1938 ജൂൺ 8ന് അത് സംഭവിച്ചു. ജൂൺ മാസത്തിൽ സ്കൂൾ തുറന്നു പ്രവർത്തിക്കുന്നതിനുപകരം അടച്ചുപൂട്ടി. ജില്ലയിലെല്ലാം ഇതുവലിയ പത്രവാർത്തയായി. അപ്പസ്തോലിക് കാർമ്മൽ സിസ്റ്റേഴ്സിന്റെ സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും പ്രത്യേകിച്ച് തലശ്ശേരിയിലുണ്ടായിരുന്ന PWD ഓവർസിയർ മിസ്റ്റർ ശങ്കരൻ, അന്ന് കോഴിക്കോട് പിതാവായിരുന്ന Rt. Rev. ലിയോ പ്രോസർ പിയോ S.J തുടങ്ങിയവർ മലബാറിന്റെ പശ്ചിമതീരത്ത് മുഴുവൻ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്ന അപ്പസ്തോലിക് കാർമ്മൽ സിസ്റ്റേഴ്സിനെ ഈ ദൗത്യം ഏറ്റെടുക്കാൻ സ്നേഹപൂർവ്വം നിർബന്ധിച്ചു.

അപ്പസ്തോലിക് കാർമ്മൽ സന്യാസികൾ 1930 മുതൽ ഷൊർണ്ണൂരിൽ H.S ന്റെ പ്രവർത്തനമാരംഭിച്ചിരുന്നതിനാൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ടിനു. ഈ സ്ഥാപനം അപ്പസ്തോലിക് കാർമ്മൽ സന്യാസികളെ ഏൽപ്പിക്കുന്നതിൽ ഒരു പ്രത്യേക താത്പര്യം ഉണ്ടായിരുന്നു. അതിനാൽ ഉടൻതന്നെ മാനേജ്മെന്റിന്റെ

കൈമാറ്റം സംബന്ധിച്ച രേഖകൾ ശരിയാക്കി സ്കൂൾ അപ്പസ്തോലിക് കാർമ്മൽ സന്യാസിനികൾക്ക് കൈമാറി. അന്നദ്ദേഹം വെച്ച ഒരു നിബന്ധന സ്കൂളിന് Lady Sankaran Nair (LSN) എന്ന പേരുതന്നെ ആയിരിക്കണം എന്നതുമാത്രമായിരുന്നു. കാരണം ഒരു സ്കൂൾ പെട്ടന്ന് അടച്ചുപൂട്ടിയാൽ അതിന്റെ വിശദീകരണം നല്കേണ്ടത് പ്രസിഡണ്ടിന്റെ ഉത്തരവാദിത്വമായിരുന്നു. ഒരേ പേരിൽ തന്നെ തുടരുകയാണെങ്കിൽ ഈ പ്രശ്നം ഒഴിവാക്കി-ടുകയും ചെയ്യും.

1938 ജൂൺ 22-ാം തിയതി 33 പെൺകുട്ടികളെ ചേർത്ത് അപ്പസ്തോലിക് കാർമ്മൽ സിസ്റ്റേഴ്സിന്റെ മാനേജ്മെന്റിൽ സ്കൂൾ പുനരാരംഭിച്ചു. കുട്ടികളുടെ എണ്ണം വർദ്ധിച്ചുവന്നു. 1940 മാർച്ചു മാസത്തിൽ 10പേർ എസ് എസ് എൽ സി പരീക്ഷക്കിരുന്നതിൽ 9 പേർ വിജയിച്ചു. LSN ഹൈസ്കൂളിലും പ്രൈമറി സ്കൂളിലും സ്ഥിരമായി വന്നിരുന്ന Inspectress Miss. D'souza അപ്പസ്തോലിക് കാർമ്മൽ സിസ്റ്റേഴ്സിന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ സംതൃപ്തയായിരുന്നു. 1942-ൽ അവർ തന്നെ നേരിട്ട് മദർ ജനറലിനോട്, മലയാളം പഠനമാധ്യമമായിട്ടുള്ള ഒരു സീനിയർ ട്രെയിനിങ് സ്കൂൾ മലബാറിൽ തുടങ്ങാൻ താത്പര്യമുണ്ട് അത് നിങ്ങളുടെ വിദ്യാഭ്യാസ ഏജൻസിക്ക് ഏറ്റെടുത്തുകൂടെ എന്ന് ചോദിക്കുകയും. അതിനായി ആയിടെ പുതുതായി സിലോണിൽ നല്ല രീതിയിൽ ഭരണകാര്യം ചെയ്യാനറിയുന്ന Miss സി. വർഗീസിനെ

മംഗലാപുരത്തുനിന്ന് ഒറ്റപ്പാലത്ത് കൊണ്ടുവന്ന് പരിചയപ്പെടുത്തിത്തരികയും ചെയ്തു.

പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ പൊതുവേ പിന്നോട്ടു നിന്നിരുന്ന ഒറ്റപ്പാലത്തെ സമൂഹം സന്യാസിനികളുടെ കീഴിലുള്ള Teacher Training Institute തങ്ങളുടെ മക്കൾക്ക് പൂർവ്വാധികം സുരക്ഷിതത്വം പകരുമെന്ന സന്തോഷത്തോടെ ഇരുകൈകളും നീട്ടി സ്വീകരിച്ചു.

തുടർച്ചയായ നൂറുശതമാനം വിജയവും മികച്ച പരിശീലനവും ചിട്ടയായ പ്രവർത്തനശൈലികളും കാരണം കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും പെൺകുട്ടികൾ ഈ സ്കൂളിൽ അഡ്മിഷനും തേടിയെത്തി.

# മികവുകൾ ഒറ്റനോട്ടത്തിൽ

- സ്കൂൾ പരിസരം പ്ലാസ്റ്റിക് വിമുക്തം
- ഉച്ചഭക്ഷണം കൂടുതൽ പുതിയ പാത്രങ്ങൾ, മിക്സി, കുക്കർ, ഗ്യാസ് സിലിണ്ടർ (ഗ്യാസ് സൗകര്യം)
- ഭവന സന്ദർശനം
- കുട്ടികളുടെ പിറന്നാൾ സമ്മാനമായി സ്കൂൾ ലൈബ്രറിയിലേക്ക് ഒരു പുസ്തകം
- ഇംഗ്ലീഷ് അസംബ്ലി, മലയാളം അസംബ്ലി
- കുട്ടികളുടെ പത്രവായന, പുസ്തകവായന, വായനാക്കുറിപ്പ് തയ്യാറാക്കൽ
- അധ്യാപകരുടെ സന്ദേശം നൽകൽ (അസംബ്ലി, ദിനാചരണം)
- ബാലസഭ, ദിനാചരണങ്ങൾ, ക്വിസ് മത്സരം സംഘടിപ്പിക്കൽ
- പഠന മികവ് നേടുന്നതിനായ ശ്രദ്ധ, മലയാളത്തിളക്കം.
- രക്ഷിതാക്കളെ വിളിച്ച് കുട്ടികളുടെ പഠന പുരോഗതി ചർച്ച ചെയ്യുന്നതിന്.
- സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം കൂടുതൽ കുട്ടികളുടെ പങ്കാളിത്തം, യൂണിഫോമിൽ വൃത്തിയായി വരുന്നു.
- പഠനോപകരണങ്ങൾ - ശില്പശാല
- അധിക ബോധനം
- സ്കൂൾതല മേളകൾ

- സ്കൂൾ ലീഡർ - ഇലക്ഷൻ (ജനാധിപത്യ രീതി)
- പങ്കുവയ്ക്കൽ ദിനം, ഓണസദ്യ, കേക്ക് വിതരണം
- ആശംസാകാർഡ് നിർമാണം
- ജൈവവൈവിധ്യ ഉദ്യാനം
- പച്ചക്കറിത്തോട്ടം, ഔഷധസസ്യത്തോട്ടം
- പി.ടി.എ, എം.ടി.എ, ജനറൽ ബോഡി, എക്സിക്യൂട്ടീവ് യോഗം എന്നിവ സംഘടിപ്പിക്കൽ
- പ്രാദേശിക സമൂഹത്തിന്റെ ഇടപെടൽ (മുൻസിപ്പൽ കൗൺസിലർ)
- സാഹിത്യ പോഷിണി പരിപാടികളുടെ സംഘടനം
- കുട്ടികൾക്കായി മെഡിക്കൽ ക്യാമ്പുകൾ (Health check up, Eye, Rubella vaccin)
- അധ്യാപകർക്ക് മാനേജ്മെന്റ് കോഴ്സ്
- ശില്പശാല - പാവനാടകം
- ശുദ്ധജല വിതരണം – കുടിക്കാനും പാചകത്തിനും
- എല്ലാ ക്ലാസ്സിലും വായനാമൂല
- പോളിഷ് ചെയ്ത് വൃത്തിയാക്കിയ ഇരിപ്പിടങ്ങൾ
- എൻ. എസ്. എസ് സ്കോളർഷിപ്പ് - പരിശീലനം
- സ്കൂൾ പരിസരം വൃത്തിയുള്ളതും മനോഹരമാക്കാൻ (Interlock, Painting)
- യൂണിറ്റ് – മാസ പരീക്ഷകൾ

## വെല്ലുവിളികൾ

- രക്ഷിതാക്കളുടെ ജീവിത പശ്ചാത്തലം ഉളവാക്കുന്ന സാഹചര്യങ്ങൾ വിദ്യാലയത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു.
- വീടുകളിലെ അമിതമായ cell phone, T.V. എന്നിവയുടെ ഉപയോഗം കുട്ടികളുടെ ഏകാഗ്രത നഷ്ടപ്പെടുത്തുന്നു.
- കൂണുപോലെ മുളച്ചുവരുന്ന അനംഗീകൃത വിദ്യാലയങ്ങൾ പൊതു വിദ്യാലയങ്ങൾക്ക് ഭീഷണിയായി നിലകൊള്ളുന്നു.
- നിർബന്ധിതമായി ചെയ്യേണ്ടിവരുന്ന പ്രവർത്തനങ്ങളുടെ ആധിക്യം കൊണ്ടും സിലബസിന്റെ വൈപുല്യം കൊണ്ടും അധ്യാപന കാര്യത്തിൽ അധ്യാപകർക്ക് കൂടുതൽ സമ്മർദ്ദം അനുഭവിക്കേണ്ടി വരുന്നു.
- കായിക പരിശീലനത്തിനാവശ്യമായ കളിസ്ഥലത്തിന്റെ അഭാവം, അധ്യാപകരുടെ തസ്തികകളുടെ അഭാവം, Specialised teachers പ്രത്യേകിച്ചും പ്രവൃത്തിപരിചയം, ICT എന്നിവയിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം, Digital Class room - ന്റെ അഭാവം... തുടങ്ങിയവയുടെ അഭാവം കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയെ സാരമായി ബാധിക്കുന്നു.
- All promotion കുട്ടികളുടെ പഠനനിലവാരത്തെ ബാധിക്കുന്നു.
- കുട്ടികൾക്ക് കൗൺസിലിംഗ് ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത
- അമിതമായ ഉപപ്രവർത്തനങ്ങൾ അധ്യാപകരുടെ സുഗമമായ അധ്യാപനത്തെ തടസ്സപ്പെടുത്തുന്നു.
- സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടാനുണ്ട്.
- മത്സരപരീക്ഷകളിൽ പങ്കെടുത്ത് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
- IT അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്സ്റൂം പ്രവർത്തനങ്ങളാക്കിയിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല.
- ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഇല്ലാത്തതും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ്, ശരിയായുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ICTയുമായി ബന്ധിപ്പിച്ച് നൽകാൻ പ്രയാസം നേരിടുന്നു. കെ-ഫോൺ കണക്ഷൻ ഇതുവരെ ലഭ്യമാക്കിയിട്ടില്ല.

# മുൻകാല പദ്ധതി വിലയിരുത്തൽ

## അവസ്ഥാവിശകലനം: ബി. ആർ. സി തലം (SSA)

ക്ലാസ്സടിസ്ഥാനത്തിലുള്ള ക്ലസ്റ്ററുകൾ, ക്ലാസ്സടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലുമുള്ള പരിശീലന കോഴ്സുകൾ, ഇംഗ്ലീഷ് പരിശീലനം, IEDC ക്ലാസ്സ് SRG കൺവീനർ യോഗങ്ങൾ, മിന്നൽ പരിശോധനകൾ, ഔദ്യോഗികമായ സൗഹൃദ സന്ദർശനങ്ങൾ, പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട സംശയ നിവാരണ ചർച്ചകൾ, വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ സംഘടിപ്പിച്ചു നൽകൽ എന്നിവ അദ്ധ്യാപകരുടെ വ്യക്തിത്വത്തെയും ആത്മവിശ്വാസത്തെയും അക്കാദമികമായ കാര്യക്ഷമതയെയും വിശ്വാസ്യതയെയും വർദ്ധിപ്പിക്കാൻ ഉതകുന്നു.

**പി.ടി.എ**

സ്കൂളിന്റെ ഉന്നമനത്തിനുതകുന്ന എല്ലാ കാര്യങ്ങളിലും സദാ ജാഗരൂകരാണ് പി.ടി.എ അംഗങ്ങൾ. പ്രവേശനോത്സവം, വിവിധ ആഘോഷങ്ങൾ, ദിനാചരണങ്ങൾ, സ്കൂൾ വാർഷികാഘോഷങ്ങൾ, രക്ഷിതാക്കൾക്ക് ബോധവത്ക്കരണ ക്ലാസുകൾ, പഠനയാത്രകൾ തുടങ്ങിയവയിൽ പി.ടി.എയുടെ സജീവ സാന്നിദ്ധ്യം അഭിമാനാർഹമാണ്. സ്കൂളിനെ സംബന്ധിക്കുന്ന ഏതൊരു പ്രശ്നത്തിനും പരിഹാരവുമായി ശക്തമായ പി.ടി.എ മുന്നിലുണ്ട്. ഉച്ചഭക്ഷണ പരിപാടി മെച്ചപ്പെടുത്തുന്നതിനായിട്ടുള്ള പി.ടി.എ.യുടെ സഹകരണം

അഭിനന്ദനാർഹമാണ്. ഭൗതിക സമൃദ്ധമായ ഉച്ചഭക്ഷണം പാകപ്പെടുത്തുന്നതിൽ പോലും രക്ഷിതാക്കൾ സഹായഹസ്തവുമായി കൈകോർക്കുന്നു എന്നതാണ്. ഹർത്താൽ പഠനസംബന്ധമായ സമരങ്ങൾ എന്നിവ നമ്മുടെ വിദ്യാലയത്തെ ബാധിക്കാതിരിക്കാൻ വേണ്ട മുൻകരുതലുകളെടുക്കുന്നതിൽ രക്ഷിതാക്കൾ ശ്രദ്ധാലുക്കളാണ്. കാര്യക്ഷമമായ പിടിഎ ഈ വിദ്യാലയത്തിന്റെ മുതൽക്കൂട്ടാണ്.

- അധ്യാപകർ ഒരു ടീമായി കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്നുണ്ട്.
- കുട്ടികൾക്ക് പഠനം ഫലപ്രദമായും ഉപയോഗമുള്ളതുമാക്കാനായി പ്രാദേശിക അറിവുകൾ, സംഭവങ്ങൾ, മാനവശേഷി വിഭവങ്ങൾ എന്നിവ ഉപയോഗിക്കുന്നുണ്ട്.
- അക്കാദമിക പ്രവർത്തനങ്ങളിൽ ബഹുജനങ്ങളുടെ ഇടപെടലും പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനുവേണ്ടി സഹവാസക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്.
- കുട്ടികൾക്ക് പൊതുവിജ്ഞാനത്തിലുള്ള വർദ്ധനവുകാണുന്നു.
- അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും സമൂഹവുമായിട്ടുള്ള ഇടപെടലുകളിൽ ശ്രദ്ധേയമായ മാറ്റം അനുഭവപ്പെടുന്നു.
- മാതാപിതാക്കൾക്ക് ഇടയ്ക്കിടെ ഓറിയന്റേഷൻ ക്ലാസ്സ് പൊതുവായും ക്ലാസ്സ്തലത്തി-

ലും നടത്താൻ കഴിയുന്നു.

- വീഡിയോ ക്ലിപ്പിങ്ങുകൾ, കഥകൾ, വായനാ കാർഡുകൾ, ബാലമാസികകൾ എന്നിവ കുട്ടികളുടെ അധിക പഠനത്തിന് പ്രയോജനപ്പെടുത്തുന്നു.
- വായനയ്ക്കായി ധാരാളം ലൈബ്രറി പുസ്തകങ്ങൾ ലഭ്യമാക്കുന്നുണ്ട്.
- സാമൂഹിക പ്രതിബദ്ധതയുള്ള തലമുറയെ സൃഷ്ടിക്കാൻ കഴിയുന്നുണ്ട്. (പൊതുമുതലിന്റെ സംരക്ഷണ പാഠങ്ങളിലൂടെ)
- എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാകുന്നു.
- അധ്യാപകർക്കായുള്ള അക്കാദമിക പിന്തുണയും പരിശീലനവും ഉറപ്പാക്കുന്നു.
- മലയാളത്തിളക്കം, ശ്രദ്ധ എന്നീ പദ്ധതികൾ കുട്ടികളുടെ അക്ഷര ജ്ഞാനവും, വിഷയങ്ങളിലെ അടിസ്ഥാന അറിവുകളും ഊട്ടി ഉറപ്പിക്കാൻ ഉതകുന്നു.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേകം പരിഗണിച്ച് നിരീക്ഷിക്കുക വഴി അത്തരക്കാർക്ക് പഠന പുരോഗതി യുണ്ടാകുന്നതായി കാണുന്നു.
- പലവിധത്തിലുള്ള ജീവിതക്ലേശം അനുഭവിക്കുന്നവർക്ക് പിന്തുണയും സഹായവും ലഭ്യമാകുന്നു.
- യഥാർത്ഥ പഠനദിനങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നു.

ലും നടത്താൻ കഴിയുന്നു.

- വീഡിയോ ക്ലിപ്പിങ്ങുകൾ, കഥകൾ, വായനാകാർഡുകൾ, ബാലമാസികകൾ എന്നിവ കുട്ടികളുടെ അധിക പഠനത്തിന് പ്രയോജനപ്പെടുന്നുന്നു.
- വായനയ്ക്കായി ധാരാളം ലൈബ്രറി പുസ്തകങ്ങൾ ലഭ്യമാകുന്നുണ്ട്.
- സാമൂഹിക പ്രതിബദ്ധതയുള്ള തലമുറയെ സൃഷ്ടിക്കാൻ കഴിയുന്നുണ്ട്.
  (പൊതുമുതലിന്റെ സംരക്ഷണ പാഠങ്ങളിലൂടെ)
- എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാകുന്നു.
- അധ്യാപകർക്കായുള്ള അക്കാദമിക പിന്തുണയും പരിശീലനവും ഉറപ്പാക്കുന്നു.
- മലയാളത്തിളക്കം, ശ്രദ്ധ എന്നീ പദ്ധതികൾ കുട്ടികളുടെ അക്ഷര ജ്ഞാനവും, വിഷയങ്ങളിലെ അടിസ്ഥാന അറിവുകളും ഊട്ടിഉറപ്പിക്കാൻ ഉതകുന്നു.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേകം പരിഗണിച്ച് നിരീക്ഷിക്കുക വഴി അത്തരക്കാർക്ക് പഠന പുരോഗതിയുണ്ടാകുന്നതായി കാണുന്നു.
- പലവിധത്തിലുള്ള ജീവിതക്ലേശം അനുഭവിക്കുന്നവർക്ക് പിന്തുണയും സഹായവും ലഭ്യമാകുന്നു.
- യഥാർത്ഥ പഠനദിനങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുന്നുന്നു.

## പഠനദിനങ്ങൾ നഷ്ടപ്പെടാനിടയായ സാഹചര്യങ്ങൾ

- ഹർത്താൽ, സമരം, പ്രാദേശിക ഉത്സവങ്ങളും, ആഘോഷങ്ങളും നിയന്ത്രിത അവധി ദിവസങ്ങൾ എന്നിവമൂലം പഠനദിനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്.
- മറ്റു വിദ്യാലയങ്ങളെ സമരം ബാധിക്കുമ്പോഴും ഈ വിദ്യാലയത്തെ സമരം ബാധിക്കുന്നില്ല എങ്കിൽക്കൂടി കുട്ടികൾക്ക് സ്കൂളിൽ എത്താൻ കഴിയാതെ വരുന്നുണ്ട്. (lack of con.)

## പരിഹരിക്കാൻ സ്വീകരിച്ച ബദൽ സംവിധാനങ്ങൾ

- നഷ്ടപ്പെട്ട ക്ലാസ്സുകൾക്കു പകരമായി ശനിയാഴ്ചകളിൽ ക്ലാസ്സെടുത്ത് നഷ്ടപ്പെട്ട ദിവസങ്ങൾ നികത്താറുണ്ട്.
- ഒഴിവുസമയങ്ങളിൽ അധ്യാപകർ കുട്ടികൾക്കായി പ്രത്യേക ക്ലാസ്സുകൾ എടുക്കുന്നു.
- വർഷം മുഴുവനും ഓരോ ദിവസവും ഓരോ പിരിയഡ് അധികം പ്രവർത്തിക്കാൻ തീരുമാനിച്ചു.
- അധ്യാപകർ അവധിയെടുത്താലും കുട്ടികൾക്ക് പഠനസമയം നഷ്ടപ്പെടാതിരിക്കാൻ അധ്യാപകർതന്നെ താൽക്കാലിക ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നു.

## നിർദ്ദേശങ്ങൾ

- ഹർത്താൽ, സമരം മുതലായവയിൽ നിന്നും വിദ്യാഭ്യാസത്തെ മാറ്റി നിർത്താൻ ഗവൺമെന്റ്

നടപടികൾ സ്വീകരിക്കുക.

- പഠനത്തിനും, വ്യക്തിത്വവികസനത്തിനും കൂടുതൽ പ്രാധാന്യം നൽകുന്ന വിധത്തിൽ അധ്യാപന സംവിധാനം ക്രമപ്പെടുത്തുക.
- അനാവശ്യമായ ഉപ പ്രവർത്തനങ്ങൾ ഒഴിവാക്കി പാഠഭാഗവുമായി ബന്ധപ്പെടുത്തി രസകരവും രസകരവും ഉൾക്കൊള്ളുന്ന വിധത്തിൽ പ്രവർത്തനങ്ങൾ ക്രമീകരിക്കുക.

## പഠന സൗകര്യങ്ങൾ.

- പഠനത്തിനാവശ്യമായ പുസ്തകങ്ങൾ ഗവൺമെന്റിൽ നിന്നും വിതരണം ചെയ്യുന്നുണ്ട്. പുസ്തകങ്ങൾ മുഴുവൻ ലഭിക്കാത്തതുകൊണ്ടും വൈകി ലഭിക്കുന്നതുകൊണ്ടും പഠനത്തിൽ വിഷമം നേരിടേണ്ടി വന്നിട്ടുണ്ട്.
- ലൈബ്രറി പുസ്തകങ്ങൾ കുറെയൊക്കെ സ്കൂളിലുണ്ട്. വിവരണം, കുറിപ്പ്, സംഭാഷണം, ശേഖരണം എന്നി പഠന ശേഷികൾ നിർവ്വഹിക്കുവാൻ പുസ്തകത്തിന്റെ ലഭ്യത ഇനിയും കിട്ടേണ്ടതായിട്ടുണ്ട്.
- ശരിയായ വായനാമുറി ഇല്ലാത്തത് ശ്രദ്ധയോടുകൂടിയ വായനയ്ക്ക് കുട്ടികൾക്ക് ബുദ്ധിമുട്ടുളവാക്കുന്നു. എങ്കിലും ഉള്ള സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി വായന നടത്തുന്നു.
- ബി. ആർ. സി യിൽ നിന്നും ലഭിക്കുന്ന സ്കൂൾ ഗ്രാന്റ്, ടീച്ചർ ഗ്രാന്റ് എന്നിവ ഉപയോഗപ്പെടുത്തി കുട്ടികളുടെ പഠന സൗകര്യം മെച്ചപ്പെടുത്താറുണ്ട്.
- പഠനോപകരണങ്ങൾ ലഭ്യമാക്കാൻ മാനേജ്മെന്റിന്റെ അകമഴിഞ്ഞ സഹായം ലഭ്യമാകുന്നു. അദ്ധ്യാപകരുടെ ക്രിയാത്മകമായ ശേഷികൾ പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിൽ ഉപയോഗപ്പെടുത്തുന്നു.
- മാതൃകാ വിദ്യാലയമെന്ന നിലയിൽ TTI യിലെ അധ്യാപകരുടെ സേവനങ്ങളും സൗകര്യങ്ങളും പ്രയോജനപ്പെടുത്തുന്നുണ്ട്.
- പഠനോപകരണങ്ങളുടെ കാര്യത്തിൽ TTI വിഭാഗം വളരെയേറെ സഹായകമാകുന്നു.
- ഉച്ചഭക്ഷണം PTA യുടെ സഹായത്തോടെ സമൃദ്ധമായും ചിട്ടയോടെയും നടത്താൻ കഴിയുന്നു.

- കുട്ടികളുടെ സ്കൂളിലെ പഠനത്തിനോടും ഉച്ചഭക്ഷണം സമൃദ്ധമാക്കാൻ സഹായകമാകുന്നു.
- സംഗീതം, നൃത്തം എന്നിവയ്ക്കായി മാനേജ്മെന്റ് അധ്യാപകരെ താൽക്കാലികമായി നിയമിക്കുന്നു.
- കളിസ്ഥലത്തിന്റെ അപര്യാപ്തത സഹോദരസ്ഥാപനമായ ഹൈസ്കൂളിന്റെ കളിസ്ഥലം പ്രയോജനപ്പെടുത്തുന്നതിലൂടെ നികത്താൻ കഴിയുന്നു.

പഠനാന്തരീക്ഷം.

- സൗകര്യമുള്ള ഇരിപ്പിടങ്ങൾ, ആകർഷകമായ ബ്ലാക്ക്ബോർഡ് എന്നിവയുണ്ട്.
- ലാബ്, ലൈബ്രറി എന്നിവയുണ്ട്.
- വൃത്തിയും ചിട്ടയുള്ളതും ആകർഷകവുമായ വിദ്യാലയാന്തരീക്ഷമുണ്ട്.
- ആത്മാർത്ഥതയും ചുറുചുറുക്കുമുള്ള അധ്യാപകർ.
- മാനേജ്മെന്റിന്റെ നിസ്സീമമായ പ്രോത്സാഹനവും അംഗീകാരങ്ങളും.
- എല്ലാറ്റിലുമുപരി പ്രധാനാധ്യാപികയുടെ ശക്തവും സ്നേഹപൂർണ്ണവുമായ നിയന്ത്രണം
- മാനേജ്മെന്റിന്റെ കീഴിലുള്ള കൗൺസിലിംഗ് ടീമിന്റെ സഹായം.
- സഹോദരസ്ഥാപനങ്ങളുടെ അത്യാവശ്യ സന്ദർഭങ്ങളിലുള്ള സഹായ ലഭ്യത.
- മേലുദ്യോഗസ്ഥരുടെ ( DEO, AEO, BRC ) സ്നേഹപൂർണ്ണവും അവസരോചിതവുമായ ഇടപെടലും, നിർദ്ദേശങ്ങളടങ്ങിയ പിന്തുണയും.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക
2. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക
3. സർഗ്ഗാത്മക രചനകൾക്കുള്ള അവസരം സൃഷ്ടിക്കുക
4. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
5. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനക്ക് സജ്ജമാക്കുക.

4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സഹായിക്കുന്നതോടൊപ്പം പ്രയോജനപ്പെടുത്തുന്നതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

7. ക്ലാസ്സ് തല വായനാമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

## പരിസരപഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
3. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
4. ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്ര-പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തിപരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ,

പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

3. ഇതര വിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തിപരിചയാനുഭവങ്ങളെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഒരു ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക
3. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
4. കലാഭിരുചി വളർത്തുക.
5. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
6. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. ആരോഗ്യ ശീലങ്ങൾ വളർത്തുക.
2. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
3. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## പ്രവർത്തന കലണ്ടർ

1. പൊതു സമൂഹത്തെ വിദ്യാലയത്തോട് അടുപ്പിക്കാനുള്ള പ്രവർത്തനങ്ങൾ

* പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ക്ലാസ്തല പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. [ജൂൺ]
* സ്വാതന്ത്ര്യദിനാഘോഷത്തിന്റെ മുന്നൊരുക്കമായി സ്വാതന്ത്ര്യദിന പരിപാടികൾ ആവിഷ്കരിക്കുന്നു. വിശിഷ്ട വ്യക്തിയുമായി അഭിമുഖത്തിന് ചോദ്യാവലി തയ്യാറാക്കുന്നു. [ജൂലൈ]
* സ്വാതന്ത്ര്യദിനത്തിൽ പതാക ഉയർത്തുകയും അഭിമുഖം നടത്തുകയും സ്വാതന്ത്ര്യദിന പരിപാടികൾ നടത്തുന്നു. [ആഗസ്റ്റ്]
* ഓണാഘോഷത്തിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ഓണാഘോഷത്തിന്റെ ഭാഗമായി ഓരോ ക്ലാസുകാരും വിദ്യാലയത്തിൽ പൂക്കളം ഇടുന്നു. ഇതിനോടനുബന്ധിച്ച് നടത്തുന്ന പ്രവർത്തനം SRGയിലും PTA Executive Meedingലും ചർച്ച ചെയ്യുന്നു. അന്നേ ദിവസം ഓണസദ്യ

നൽകുന്നു. [ആഗസ്റ്റ്, സെപ്റ്റംബർ]

* കേരളപ്പിറവിയോടനുബന്ധിച്ച് നടത്തേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു. അസംബ്ലിയിൽ പരിപാടികൾ [ഒക്ടോബർ, നവംബർ] നടത്തുന്നു

* ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി നടത്തേണ്ട പരിപാടികളെക്കുറിച്ച് SRGയിലും PTA Executive meetingലും ചർച്ച ചെയ്യുന്നു. വിവിധ പരിപാടികൾ ആവിഷ്കരിക്കുന്നു. നടപ്പിലാക്കുന്നു. [ഡിസംബർ]

* റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ഭാഗമായി ഓരോ ക്ലാസ്സുകാർക്കും വിവിധ പ്രവർത്തനങ്ങൾ വിഭജിക്കുന്നു. നടപ്പിലാക്കുന്നു. [ജനുവരി]

2സ്കൂൾ പരിസ്ഥിതി സൗഹൃദമാക്കൽ

- പരിസ്ഥിതിദിനാഘോഷത്തിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെ മനസ്സിലാക്കുന്നതിനായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു.
- വൃക്ഷത്തൈ വിതരണം ചർച്ച ചെയ്യുകയും

ഓരോ ക്ലാസ്സുകാർക്ക് വൃക്ഷത്തൈ വിതരിച്ചുകൊടുക്കുന്നു.
[ജൂൺ, ജൂലൈ]

• സ്കൂൾ പരിസരത്ത് വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി ഇടവും വൃത്തിയാക്കുന്നു. ഓരോ ക്ലാസ്സുകാരും തങ്ങൾക്ക് ലഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ പച്ചക്കറി വിത്തുകൾ, തൈകൾ എന്നിവ നട്ടുപിടിപ്പിക്കുന്നു. അതിനായി ഓരോ ക്ലാസ്സുകാർക്കും ചുമതല നൽകുന്നു.
[ആഗസ്റ്റ്, സെപ്റ്റംബർ]

3. കുട്ടികളിൽ ജീവിതനൈപുണി വികസിപ്പിക്കൽ

. കുട്ടികളുടെ ആത്മവിശ്വാസം വളർത്തുന്നതിനായി കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കുള്ള മുന്നൊരുക്കം നടത്തുന്നു. കൗൺസിലിംഗ് നടത്തുന്നു. [ജൂൺ,ജൂലൈ]

• വായനാസാമഗ്രികൾ നൽകുന്നു. ദിനാചരണങ്ങളുടെ ഭാഗമായി വരുന്ന പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നു. വായനാദിനവുമായി ബന്ധപ്പെട്ട് ക്ലാസ്സുകളിൽ 'Reading Corner' സംഘടിപ്പിക്കുന്നു. പ്രവർത്തനങ്ങൾ നല്കുന്നു.

• അസംബ്ലിയിൽ വിവിധ പരിപാടികൾ നടത്തുന്നു.

• കുട്ടികളുടെ ആത്മവിശ്വാസവും അവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമായ അവസരങ്ങൾ നല്കുന്നു. Video പ്രദർശിപ്പിക്കുന്നു. കുട്ടികൾക്ക് 'Moral class നല്കുന്നു. [ജൂലൈ മുതൽ]

സ്കൂൾ ജനാധിപത്യവൽക്കരണം

. സ്കൂൾ ലീഡറുടെ തെരഞ്ഞെടുപ്പ് നടത്തുന്നതിനാവശ്യമായ മുന്നൊരുക്കവും തെരഞ്ഞെടുപ്പും നടത്തുന്നു. [ജൂൺ, ജൂലൈ]

4. വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന്

. സാമൂഹ്യനന്മയും മൂല്യവും നിറഞ്ഞതും വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തുമായ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. [ഏപ്രിൽ,

. കുട്ടികൾക്ക് വായിക്കാനും സ്വന്തം രചനകൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു. രചനകൾ, പതിപ്പുകൾ എന്നിവ തയ്യാറാക്കുന്നു.

. പഠനോത്സവം സംഘടിപ്പിക്കുന്നു. [ജനുവരി, ഫെബ്രുവരി]

വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയും ഉറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

. കുട്ടികളുടെ വീടുകൾ സന്ദർശിക്കൽ

5. English ഭാഷാപഠനം പ്രോത്സാഹനം

. English ഭാഷാപഠനം വികസിപ്പിക്കുന്നതിനുള്ള ഓരോ ക്ലാസ്സിനുവേണ്ട പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.

• തുടർച്ചയായ വായനാസാമഗ്രികളുടെ ക്ലാസടിസ്ഥാനത്തിലുള്ള വിതരണം – English festനുള്ള ഒരുക്കം. [ആഗസ്റ്റ്, സെപ്റ്റംബർ]

• English fest നടത്തുന്നു. English Paper വായനയ്ക്കുള്ള അവസരം നൽകുന്നു. Action song, ചിത്രകഥകൾ, അസംബ്ലി സംഘടിപ്പിക്കുന്നു.

6. ജൈവവൈവിധ്യ പാർക്ക് നിർമ്മാണം, സംരക്ഷണം.

• പൂന്തോട്ടം വൃത്തിയാക്കുകയും ഏതൊക്കെ കൃഷി-യാണ് ചെയ്യേണ്ടതെന്ന് ലിസ്റ്റ് തയ്യാറാക്കുന്നു. [ജൂൺ]

• തോട്ടത്തിലേക്കാവശ്യമായ സാധനങ്ങളുടെ ലഭ്യത, തോട്ട നിർമ്മാണം.

• ക്ലാസടിസ്ഥാനത്തിലുള്ള തോട്ട പരിപാലനം.

7. ലൈബ്രറി വികസനം

• വായനാദിനത്തോടനുബന്ധിച്ച് ഓരോ ക്ലാസ്സ് റൂമിലും Reading corner ഒരുക്കുന്നു.

• ലഭ്യമായ സ്രോതസ്സ് അനുസരിച്ച് പുസ്തകങ്ങൾ വാങ്ങുന്നു. തരംതിരിക്കുന്നു. [ആഗസ്റ്റ്]

• ആഴ്ചകളിൽ വായിക്കാനുള്ള സമയം നല്കുന്നു.

• സ്വന്തം രചനകൾ അവതരിപ്പിക്കാൻ അവസരം നല്കുന്നു. – പതിപ്പുകൾ നിർമ്മിക്കുന്നു.

# പ്രവർത്തനപദ്ധതികൾ

## മലയാളം

പ്രവർത്തനം: 1

പേര് : എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ഒരുക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 2

പേര് : ഉച്ചഭാഷിണി വായന

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 1

പേര് : അക്ഷരക്കൂട്ടം (വായനാമൂല)

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്മുറികളിലും പ്രത്യേകം വായന കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 4000 |
| റീഡേഴ്സ് തിയേറ്റർ | ക്ലാസ്റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 2

പേര് : സ്കൂൾ ലൈബ്രറി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ | 5000 |

പ്രവർത്തനം : 6

പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം : 6

പേര് : ക്ലാസ്തല പതിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ, ക്ലാസിലെ വിവരങ്ങൾ പങ്കുവയ്ക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 1500 |

പ്രവർത്തനം : 7

പേര് : എന്റെ വായന കുറിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസുകളിൽ വായന കാർഡ്) വായനാക്കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

പ്രവർത്തനം : 8

പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിക്കുക

ഉപമേഖല : ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ | 3000 |

പ്രവർത്തനം : 1

പേര് : റീഡേഴ്സ് തിയേറ്റർ

ഉപമേഖല : വായന വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാതാത്പര്യവും അഭിനയവും വഴി വ്യക്തിത്വവികസനവുമാണ് ലക്ഷ്യം. | കുട്ടികൾക്ക് അഭിനയത്തോടെ വായിക്കാൻ പരിശീലനം നൽകുന്നു. കഥാനായകർ, സംഭാഷണ ശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയ വായനയുടെ അവതരണം നടത്തുന്നു. | എല്ലാ മാസവും. | ക്ലാസ് ടീച്ചർ | 2000 |

# ഇംഗ്ലീഷ്

പ്രവർത്തനം : 1

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരങ്ങൾ | ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 2

പേര് : ഇംഗ്ലീഷ് ഡയറി (3, 4 ക്ലാസുകളിൽ)

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : Reading Card Workshop
ഉപമേഖല : വായന സാമഗ്രി

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | ചിത്രങ്ങളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കൽ | ജൂൺ | ക്ലാസ് ടീച്ചർ | 1000 |

പ്രവർത്തനം : 4
പേര് : Work sheet Workshop
ഉപമേഖല : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| മുഴുവൻ കുട്ടികളും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. | ജൂലൈ | എസ്. ആർ. ജി | 4000 |

# ഗണിതം

പ്രവർത്തനം: 1

പേര് : ഗണിതമൂല

ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട് - കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം : 2

പേര് : യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : ഗണിതം മധുരം
ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ, ശില്പശാല സംഘടിപ്പിക്കൽ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ | |

## പരിസരപഠനം

പ്രവർത്തനം : 1
പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്
ഉപമേഖല : ശാസ്ത്രീയ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശാസ്ത്ര പഠന താത്പര്യം വളർത്തുക. ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 2

പേര് : പരീക്ഷണോത്സവം

ഉപമേഖല : ശാസ്ത്രാന്വേഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രവിഷയങ്ങളിലേക്കുള്ള താല്പര്യവും മന:ശാസ്ത്രപരമായ ഉത്സാഹവും വളർത്തുക | ക്ലാസ്മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യമാക്കുന്നത്. | ഫിബ്രു മാസവും | ക്ലാസ് ടീച്ചർ | 2000 |

## രാസലഹരി, മൊബൈൽ അഡിക്ഷൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ദോഷ-ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക. | ബോധവൽക്കരണ ക്ലാസുകൾ, വീഡിയോകളിലൂടെ പ്രദർശനം, ഉപദേശക സംവാദങ്ങൾ, പോസ്റ്റർ നിർമ്മാണം എന്നിവ വഴി കുട്ടികളിൽ ബോധം വളർത്തുന്നു. | അധ്യയനത്തിന്റെ തുടക്കത്തിൽ | ആരോഗ്യ വകുപ്പ്, പോലീസ് | |

# സാമൂഹികാവബോധം

പ്രവർത്തനം : 1
പേര് : അതിഥിയെ അറിയൽ
ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം : 2
പേര് : പ്രാദേശിക അറിവ്
ഉപമേഖല : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന് സംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി അന്വേഷണങ്ങൾ നടത്തുകയും ശില്പശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം : 1

പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം

ഉപമേഖല : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ | ഓരോ മാസത്തിലും. | SITC | |

പ്രവർത്തനം : 2

പേര് : IT ലാബ്

ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം. | IT, ICT പ്രവർത്തനങ്ങൾ / പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ-ആഗസ്റ്റ് | SITC | |

# പ്രവൃത്തി പരിചയം

പ്രവർത്തനം : 1

പേര് : പ്രവൃത്തിപരിചയ ശിൽപശാല

ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ | സെപ്തംബർ | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം : 2

പേര് : പേപ്പർ ബാഗ് നിർമ്മാണം

ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പേപ്പർ ബാഗ് നിർമ്മാണ - പരിശീലനം. വിദ്യാലയത്തിൽ ആരംഭിക്കുക പ്ലാസ്റ്റിക് നിർമ്മാർജനം ചെയ്യുവാൻ പ്രോത്സാഹിപ്പിക്കുക. | ജൂൺ - മാർച്ച് | SSG | |

# സർഗവേദി

പ്രവർത്തനം : 1

പേര് : സർഗവേള

ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക [കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ] | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേള നടത്തൽ നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | SRG | |

പ്രവർത്തനം : 2

പേര് : ടാലന്റ് ലാബുകൾ

ഉപമേഖല : സർഗ്ഗാത്മക വാസനകളെ പ്രോത്സാഹിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കൽ | നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | 3000 |

# ആരോഗ്യ - കായിക വിദ്യാഭ്യാസം

പ്രവർത്തനം : 1

പേര് : കായികാരോഗ്യം

ഉപമേഖല : അത്‌ലറ്റിക് പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക | ക്യാംമ്പ്, ഫുട്ബോൾ കോച്ചിംഗ്, അത്‌ലറ്റിക് പരിശീലനം | ജൂൺ - മാർച്ച് | HM<br>SRG<br>PTA | 10,000 |

പ്രവർത്തനം : 2

പേര് : ഹെൽത്ത് ചെക്ക് അപ്പ്

ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യ-ക്ഷമത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പു വരുത്തുന്നതിനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ-സെപ്തംബർ | PTA | 3,000 |

# ഉപസംഹാരം

ഒറ്റപ്പാലം മുൻസിപ്പാലിറ്റിയിൽ സ്ഥിതിചെയ്യുന്ന എൻ. എസ്. എൻ. ടി. ടി. ഐ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി പ്രാധാന്യം നൽകി പ്രവർത്തിച്ചു വരുന്നു. വിദ്യാർത്ഥിനികളുടെ സാംസ്കാരികവും ആദ്ധ്യാത്മികവും ബുദ്ധിപരവും കായികവും സാങ്കേതികവും സാമൂഹികവുമായ വളർച്ചയെ ലക്ഷ്യമാക്കി ഈ വിദ്യാലയം പ്രവർത്തിച്ചുവരുന്നു. കാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ നമ്മുടെ കുട്ടികളെ പര്യാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി മുഴുവൻ ക്ലാസ്മുറികളിലും എൽ. സി. ഡി. പ്രൊജക്ടർ, ടെലിവിഷൻ, ഹൈസ്പീഡ് ഇന്റർനെറ്റ് കണക്ഷൻ എന്നിവ ഒരുക്കിക്കൊണ്ട് പഠനപ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം സാധ്യമാക്കുന്നതിനുള്ള പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും പഠനം കൂടുതൽ അനുഭവവേദ്യവും ആസ്വാദ്യകരവുമാക്കുവാൻ ഈ വിദ്യാലയം ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നു. സമൂഹത്തിനും നാടിനും ഉപകാരപ്രദമുള്ള അനേകം സ്ത്രീ രത്നങ്ങളെ വാർത്തെടുക്കുവാൻ ഇനിയും നമുക്കു സാധിക്കട്ടെ. അതിനായി നമുക്കൊരുമിച്ചു യത്നിക്കാം.

# List of Teachers

Name of School: LSN TTI OTTAPALAM

| Sl. No | Name | Designation |
|---|---|---|
| 1. | Smt. Usha. Parimthadathil | LPST |
| 2. | Smt. Reena T.V | LPST |
| 3. | Smt. Biji George | LPST |
| 4. | Smt. Mary. V. Georage | LPST |
| 5. | Smt. Deepthi | LPST |
| 6. | Sr. Jesmy. P. Joseph | LPST |
| 7. | Smt. Jessy Albert | LPST |
| 8. | Smt. Vidhya Rose C.D | LPST |

# List of Students

Name of School: LSNTTI OTTAPALAM

| Standard | Division | No. of students |
| --- | --- | --- |
| 1st | 2 | 60 |
| 2nd | 2 | 73 |
| 3rd | 2 | 74 |
| 4th | 2 | 101 |
| Total | 8 | 308 |